"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പാലക്കാട് പട്ടാമ്പി ആമയൂർ എ.എം.എൽ.പി.എസ്. മാനേജർ **21.08.2024** തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

G.O.(Rt)No.3626/2025/GEDN തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1. ആമയൂർ എ.എം.എൽ.പി.എസ്. മാനേജരുടെ **21.08.2024** തീയതിയിലെ റിവിഷൻ ഹർജി
2. പട്ടാമ്പി ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 24.10.2024 ലെ AEOPTB/963/2024-ബി നമ്പർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.01.2025 ലെ DGE/21812/2024-G നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് പട്ടാമ്പി ആമയൂർ എ.എം.എൽ.പി.എസ്. മാനേജർ **21.08.2024** തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം **28.10.2024** തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ടി സ്കൂളിൽ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി എം. പ്രസന്നയ്ക്ക് **01.06.2013** മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ **15.07.2021** പ്രാബല്യത്തിൽ നിയമിക്കപ്പെട്ട ശ്രീമതി ശോണിമ പി.ക്ക് നിയമനാംഗീകാരം നൽകണം എന്നതാണ് ഹർജിയിലെ ആവശ്യം.

**2.**ശ്രീമതി എം.പ്രസന്നയ്ക്ക് പ്രൊമോഷൻ നൽകിയതുമൂലം എൽ.പി.എസ്.ടി. തസ്തികയിൽ **01.06.2013** മുതലുണ്ടായ ഒഴിവിൽ ശ്രീമതി രഞ്ജിനി ആർ. എന്ന അധ്യാപികയ്ക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടെന്നും, ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണെന്നുമുള്ള കാരണത്താൽ ശ്രീമതി ശോണിമയുടെ നിയമനം നിരസിച്ചുവെന്നും, ശ്രീമതി രഞ്ജിനിയെ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമിച്ചിരുന്നതെന്നും, ടിയാളുടെ നിയമനം **31.03.2020** വരെ മാത്രമേ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളൂവെന്നും, **01.04.2020** മുതൽ ടി എൽ.പി.എസ്.ടി. തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും, **2019-20** വർഷം മതിയായ എണ്ണം കുട്ടികളില്ലായിരുന്നുവെന്നും, **2019-20-**ലെ തസ്തിക നിർണയ ഉത്തരവ് തന്നെ **2020-21-**ലും **2021-22-**ലും തുടരുന്നതിനാൽ ശ്രീമതി ശോണിമയുടെ **15.07.2021**

മുതൽ **14.07.2022** വരെ ദിവസവേതനത്തിലും, **2022-23, 2023-24** വർഷങ്ങളിൽ യഥാക്രമം **68, 74** എണ്ണം കുട്ടികളുള്ളതിനാൽ **15.07.2022** മുതൽ ശമ്പളസ്കെയിലിലും നിയമനാംഗീകാരം നൽകാവുന്നതാണെന്നും, **51B** അവകാശിയായ ശ്രീമതി റജ്നയുടെ പിതാവ് എൻ. കുഞ്ഞി മുഹമ്മദ് മാസ്റ്റർ മരണപ്പെട്ട **28.03.2017** തീയതിക്ക് മുൻപ് **2006** ജൂണിൽ ടിയാൾ വിവാഹിതയായതിനാലും, മേജർ ആയ ടിയാൾക്ക് **27.03.2019**-നുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനു പകരം **15.06.2019**-ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും, **15.06.2019**-ന് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് **K-TET** നേടിയിട്ടില്ലാത്തതിനാലും, **G.O.(P)No. 14/2010/P&ARD dated 12.04.2010** പ്രകാരമുള്ള **Dependency Certificate** ഹാജരാക്കിയിട്ടില്ലാത്തതിനാലും ടിയാൾക്ക് **Compassionate Employment Scheme** പ്രകാരം എൽ.പി.എസ്.ടി. നിയമനം നൽകുവാൻ മാനേജർ ബാധ്യസ്ഥനല്ലെന്നും, എന്നാൽ ടിയാൾ ഡിപെൻഡൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് ടിയാൾക്ക് അടുത്തുണ്ടാവുന്ന എൽ.പി.എസ്.ടി. ഒഴിവിൽ നിയമനം നൽകുവാൻ തയ്യാറാണെന്നും മാനേജർ അറിയിക്കുന്നു.

**3.** ശ്രീമതി റെജ്നയുടെ പിതാവ് കുഞ്ഞിമുഹമ്മദ് എൻ. ലാംഗ്വേജ് ടീച്ചർ (അറബിക്) തസ്തികയിലിരിക്കെ **28.03.2017**-ന് മരണപ്പെട്ടതിനെ തുടർന്ന് മാനേജർക്കും പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും **12.10.2017**-നു തന്നെ ആശ്രിതനിയമനത്തിന് പ്രാഥമിക അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൾ **D.Ed** യോഗ്യത **31.05.2019**-ന് നേടിയ മുറയ്ക്ക് **15.06.2019**-ന് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചുവെന്നും, **2019** ജൂൺ മാസത്തിൽ നടത്തിയ **K-TET** പാസായിട്ടുണ്ടെന്നും, ഡിപെൻഡൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് **2025**-ൽ നിയമനം നൽകാമെന്ന് മാനേജർ വ്യക്തമാക്കുന്ന സാഹചര്യത്തിൽ എൽ.പി.എസ്.ടി. തസ്തികയിലെ നിയമനത്തിന് പൂർണയോഗ്യയാണെന്ന് മാനേജർ തന്നെ സമ്മതിക്കുന്നുണ്ടെന്നും, **2019**-നു ശേഷം നിയമനനിരോധനം നിലവിലിരുന്നതിനാൽ ടിയാളുടെ അപേക്ഷ ലഭിച്ചതിനുശേഷം **15.07.2021** മുതലാണ് നിയമനം നടത്തിയിട്ടുള്ളതായി കാണുന്നതെന്നും, ആശ്രിത നിയമനത്തിനുള്ള ടിയാളുടെ അപേക്ഷ നിർദിഷ്ട മാതൃകയിൽ ഉള്ളതല്ലെങ്കിൽപോലും **2012(3)KLT 214**-ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം പരിഗണിക്കണമെന്നും ചട്ടം **51B** അവകാശിയായ ശ്രീമതി റജ്ന വാദിക്കുന്നു.

**4.** ചട്ടം 51ഡി അവകാശിയായ ശ്രീമതി റജ്ന എൻ. **15.06.2019**-ന് എൽ.പി.എസ്.ടി. തസ്തികയ്ക്ക് ആവശ്യമായ പൂർണ യോഗ്യത നേടിയിട്ടുള്ളതിനാൽ, **15.07.2021** മുതൽ ശ്രീമതി ശോണിമ വി.ക്ക് മാനേജർ

നൽകിയിട്ടുള്ള നിയമനം ശ്രീമതി റജ്നയ്ക്ക് അവകാശപ്പെട്ടതാണെന്നും എൽ.പി.എസ്.ടി. ശ്രീമതി പ്രസന്നയ്ക്ക് **01.06.2013** മുതൽ എച്ച്.എം. ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി രഞ്ജിനി ആർ.നെ **10.06.2019** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും, ടി ഒഴിവിൽ തന്നെ നിയമിക്കപ്പെട്ട ശ്രീമതി ശോണിമയ്ക്കും, പിന്നീടുണ്ടായ ഒഴിവിൽ **01.06.2022** മുതൽ നിയമിക്കപ്പെട്ട ശ്രീമതി മുഹ്സീന യു.വിനും നിയമനാംഗീകാരം നൽകിയിട്ടില്ലെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**5.** ശ്രീമതി ജുനൈദ **w/o C.** കുഞ്ഞിമുഹമ്മദ് **12.10.2017**-ൽ മാനേജർക്ക് അയച്ചിട്ടുള്ള കത്തിന്റെ **Acknoewledgement (P-16CF), 30.06.2017** തീയതിയായുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് **(P-17CF)**, ശ്രീമതി.റജ്നയുടെ വിവാഹം ജൂൺ **2006**-ൽ നടന്നതായുള്ള **03.09.2014** തീയതിയിലെ **marriage certificate (P-19CF), D.Ed** സർട്ടിഫിക്കറ്റ് **dated 31.05.2019 (P-20CF), K-TET Certificate dated 29.08.2019 (P-23CF)** എന്നിവ ചട്ടം **51 B** അവകാശിയായ ശ്രീമതി റജ്ന സമർപ്പിച്ചിട്ടുണ്ട്. എന്നാൽ **12.10.2017**-ലെ അപേക്ഷയുടെ പകർപ്പും **G.O.(P)No.14/2010/P&ARD dated 12.04.2010** പ്രകാരമുള്ള ഡിപെൻഡൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പും ടിയാൾ ഹാജരാക്കിയിട്ടില്ല.

**6.** സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.ശ്രീമതി രഞ്ജിനി ആർ.ന് **10.06.2019** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനാംഗീകാരം നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **22.10.2020**.ലെ ദീ.തീ.എഫ്/**17155/2019** നമ്പർ നടപടിക്രമത്തിന്റെ പകർപ്പ് വ്യക്തമായി വായിക്കുവാൻ സാധിക്കാത്തതിനാൽ, ടിയാളുടെ നിയമനം ടി ഉത്തരവിൽ **30.03.2020** പരിമിതപ്പെടുത്തിയാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളത് എന്ന മാനേജരുടെ വാദം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. എന്നാലും ടി തസ്തിക **01.04.2020** മുതൽ വേക്കന്റാണ് എന്ന മാനേജരുടെ വാദം കണക്കിലെടുക്കാവുന്നതാണ്.ചട്ടം **51**ബി അവകാശിയായ ശ്രീമതി റജ്നയുടെ അപേക്ഷ നിലനിൽക്കെയാണ് ശ്രീമതി ശോണിമയ്ക്ക് എൽ.പി.എസ്.ടി. ആയി **15.07.2021** മുതൽ നിയമനം നൽകിയിട്ടുള്ളത്. ശ്രീമതി റജ്ന **29.08.2019**-ൽ കെ-ടെറ്റ് നേടിയിട്ടുണ്ട്. **15.07.2021** മുതലുള്ള എൽ.പി.എസ്.ടി. നിയമനത്തിന് ശ്രീമതി റജ്ന അർഹയുമാണ്. എന്നാൽ, ടിയാൾ ഡിപെൻഡൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നത് നിലവിൽ ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതിന് പ്രധാന തടസ്സമാണ്.

7.മേൽ സാഹചര്യത്തിൽ, ചട്ടം **51B** അനുസരിച്ച് സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളെല്ലാം തന്നെ എയ്ഡഡ് മേഖലയിലും ബാധകമായതിനാൽ എയ്ഡഡ് മേഖലയിലെ ജീവനക്കാരൻ മരണപ്പെട്ടാൽ **2** വർഷത്തിനകം മേജറായ ആശ്രിതൻ അപേക്ഷ സമർപ്പിക്കണം എന്നതിനാൽ ശ്രീമതി.റജ്ന **2017**ൽ സമർപ്പിച്ചതായ അപേക്ഷയാണ് നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത സമയം ശ്രീമതി.റജ്ന, ടീച്ചർ പോസ്റ്റിന് യോഗ്യത കൈവരിച്ചിട്ടില്ലാത്തതിനാലും ടി സമയത്തുള്ള യോഗ്യത അനുസരിച്ചുള്ള തസ്തികകളിലേക്ക് മാത്രമേ ടിയാൾക്ക് നിയമനത്തിന് അർഹത ഉള്ളൂ എന്നതിനാലും അപേക്ഷ സമർപ്പിച്ചതിനു ശേഷം നേടുന്ന യോഗ്യതയനുസരിച്ച് നിയമനം നൽകാനാവില്ല എന്നതിനാലും ടിയാൾ **15.06.2019**-ന് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടായതിനാൽ പരിഗണിക്കാനാവില്ല. എങ്കിലും ഡിപെൻഡൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് **2025**-ൽ നിയമനം നൽകാമെന്ന് മാനേജർ വ്യക്തമാക്കുന്ന സാഹചര്യത്തിൽ ആയത് പരിഗണിക്കാനും കൂടാതെ ശ്രീമതി ശോണിമയ്ക്ക് **15.07.2021** മുതലും ശ്രീമതി മുഹ്സീനയ്ക്ക് **01.06.2022** മുതലും നൽകിയിട്ടുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണനിയമപ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാക്കി സ്കൂളിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിലും മതിയായ എണ്ണം കുട്ടികളുള്ള പക്ഷം ശമ്പളസ്കെയിലിലും അംഗീകാരം നൽകാനും പട്ടാമ്പി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
UNDER SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാവിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ,പട്ടാമ്പി, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, എ.എം.എൽ.പി.എസ്,ആമയൂർ,പട്ടാമ്പി, പാലക്കാട്

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/**ഓഫീസ് പകർപ്പ് (ബി3/268/2024/പൊവിവ)**

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 03-06-2025 11:09:40

സെക്ഷൻ ഓഫീസർ